**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2112** **05-02-2026 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ എസ്.പി.സി. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2024-25 കാലയളവിൽ ഏതെങ്കിലും ജില്ലയിലെ സ്കൂളുകൾക്ക് എസ്.പി.സി.അനുവദിച്ചിട്ടുണ്ടോ; | (എ) | 2024-25 കാലയളവിൽ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 70 സ്കൂളുകൾക്ക് എസ്.പി.സി. പദ്ധതി അനുവദിച്ചിരുന്നു. 13.02.2025 ലെ സ.ഉ. (സാധാ) 484/2025-ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂളുകളിൽ 2025-26 അദ്ധ്യയന വർഷത്തിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ എസ്.പി.സി.ക്ക് അപേക്ഷ നൽകിയ ചാലപ്പുറം ജി.ജി.എച്ച്.എസ്.എസ്. ഉൾപ്പെടെ ഏതെങ്കിലും സ്കൂളുകൾക്ക് എസ്.പി.സി. അനുവദിക്കുന്നത് പരിഗണനയിലുണ്ടോ? | (ബി) | കാലിക്കറ്റ് ഗേൾസ് വൊക്കേഷണൽ ആന്റ് ഹയർ സെക്കന്ററി സ്കൂളിന് എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ പുതുതായി അനുവദിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.484/2025/HOMEതീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:-
1. 16.12.2024 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No. 3774-2024-Home നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 28/12/2024, 01.01.2025 തീയതികളിലെ യഥാക്രമം A1/98/2024/SPC,C2-126651/2023/PHQ നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം 1 പ്രകാരം 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ കൂടി പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2024-25 അദ്ധ്യയന വർഷം അവസാനിക്കാറായ സാഹചര്യത്തിൽ 70 പുതിയ സ്കൂളുകളെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമാക്കൽ നടപ്പിൽ വരുത്തുന്നത് 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിലുള്ള ഉത്തരവ് സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ കൂടി പുതുതായി അനുവദിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANJU M**

ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
2. സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി,തിരുവനന്തപുരം
3. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
4. കരുതൽ ഫയൽ (D2/3/2025-HOME)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്